2024
FEBRUARY
14
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995




## ടാറ്റ ഇലക്ട്രിക് വാഹനങ്ങളുടെ വില കുറയും

ന്യൂഡൽഹി: ബാറ്ററിയുടെ വില കുറഞ്ഞ സാഹചര്യത്തിൽ ടാറ്റ മോട്ടോഴ്സ് രണ്ട് ഇലക്ട്രിക് വാഹന മോഡലുകളുടെ വിലയിൽ 1.2 ലക്ഷം രൂപ വരെ കുറവ് വരുത്തി. നെക്സൺ, തിയാഗോ എന്നിവയുടെ ഇലക്ട്രിക് മോഡലുകൾക്കാണ് വില കുറയുക.

നിലവിൽ 14.49 ലക്ഷം രൂപ മുതലാണ് നെക്സണിൻറെ വില. 7.99 ലക്ഷം രൂപയിൽ തുടങ്ങുന്ന തിയാഗോയുടെ വിലയിൽ 70,000 രൂപ കുറവ് വരും. പുതിയ മോഡലായ പഞ്ചിൻറെ വിലയിൽ മാറ്റമില്ല. സമീപ ഭാവിയിൽ ബാറ്ററിയുടെ വില വീണ്ടും കുറയുമെന്നാണ് ടാറ്റ മോട്ടോഴ്സ് പ്രതീക്ഷിക്കുന്നത്.

2023ൽ രാജ്യത്തെ ഇവി സെഗ്മെൻറ് 90 ശതമാനം വളർച്ച രേഖപ്പെടുത്തിയിരുന്നു. പെട്രോൾ വാഹനങ്ങളുടെ വിപണിയിൽ എട്ട് ശതമാനം മാത്രം വളർച്ചയുണ്ടായ സ്ഥാനത്താണിത്.

## പാവപ്പെട്ട കുടുംബങ്ങൾക്ക് 'മുഫ്ത് ബിജ്‌ലി' സൗജന്യ വൈദ്യുതി പദ്ധതി; പ്രഖ്യാപനവുമായി പ്രധാനമന്ത്രി

**ന്യൂഡൽഹി:** പുരപ്പുറ സൗരോർജ വൈദ്യുതി ഉത്പാദനം പ്രോത്സാഹിപ്പിക്കുക ലക്ഷ്യമിട്ട് 'പിഎം സൂര്യ ഘർ മുഫ്ത് ബിജ്‌ലി യോജന' സൗജന്യ വൈദ്യുതി പദ്ധതി പ്രഖ്യാപനവുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി. പാവപ്പെട്ട കുടുംബങ്ങൾക്ക് പ്രതിമാസം 300 യൂണിറ്റ് സൗജന്യ വൈദ്യുതി ഉറപ്പാക്കുന്നതാണ് പദ്ധതി. 75,000 കോടി രൂപ ചെലവിട്ടാകും പദ്ധതി നടപ്പാക്കുകയെന്നും പ്രധാനമന്ത്രി പ്രഖ്യാപിച്ചു.



"സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനും, ജനങ്ങളുടെ ക്ഷേമത്തിനായും പിഎം സൂര്യ ഘർ മുഫ്ത് ബിജ്‌ലി യോജന പദ്ധതി പ്രഖ്യാപിക്കുന്നു. രാജ്യത്തെ ഒരുകോടി കുടുംബങ്ങളിൽ വെളിച്ചമെത്തിക്കുന്നതിനായി പ്രതിമാസം 300 യൂണിറ്റ് സൗജന്യ വൈദ്യുതി നൽകുന്നതാകും പദ്ധതി. 75,000 കോടി രൂപ നിക്ഷേപമുള്ള പദ്ധതിയാകുമിത്. ഈ പദ്ധതി കൂടുതൽ വരുമാനത്തിനും കുറഞ്ഞ വൈദ്യുതി ബില്ലിനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇടയാക്കും" പ്രധാനമന്ത്രി നരേന്ദ്ര മോദി എക്സിൽ കുറിച്ചു.

പദ്ധതിയുടെ ഭാഗമായി സബ്സിഡി നേരിട്ട് ബാങ്ക് അക്കൗണ്ട് വഴി ലഭിക്കുന്നതിലും, ഇളവുകളോടെ പദ്ധതിക്ക് ബാങ്ക് വായ്പ ലഭിക്കുന്നതിലുമെല്ലാം പദ്ധതിയുടെ അധികഭാരം ജനങ്ങളിൽ അടിച്ചേൽപ്പിക്കപ്പെടുന്നില്ലെന്ന് കേന്ദ്ര സർക്കാർ ഉറപ്പാക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

ഗുണഭോക്താക്കളെ ദേശീയ പോർട്ടൽ വഴി ബന്ധിപ്പിച്ചാകും പദ്ധതി നടപ്പാക്കുക. താഴെതട്ടിൽ പുരപ്പുറ സൗരോർജ പദ്ധതി പ്രചരിപ്പിക്കുന്നതിനായി തദ്ദേശസ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകുമെന്നും പ്രധാനമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. പദ്ധതിക്ക് കരുത്തേകാൻ യുവാക്കളുടെ പിന്തുണ പ്രധാനമന്ത്രി ആവശ്യപ്പെട്ടു.

## ബിലാവൽ ഭൂട്ടോ സർദാരി പിന്മാറി; നവാസ് ഷരീഫ് പാക്ക് പ്രധാനമന്ത്രിയായേക്കും

**ഇസ്‌ലാമാബാദ്:** പാക്കിസ്ഥാൻ പ്രധാനമന്ത്രിയാകാൻ ഇല്ലെന്ന് പാക്കിസ്ഥാൻ പീപ്പിൾസ് പാർട്ടി ചെയർമാൻ ബിലാവൽ ഭൂട്ടോ സർദാരി. സർക്കാരിന്റെ ഭാഗമാകാതെ, പ്രധാനമന്ത്രി പദത്തിൽ പിഎംഎൽഎൻ പാർട്ടിക്കു പിന്തുണ നൽകുമെന്ന് ഭൂട്ടോ വ്യക്തമാക്കി. വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇതോടെ നവാസ് ഷരീഫ് പ്രധാനമന്ത്രിയാകുമെന്ന് ഉറപ്പായി. നാലാം തവണയാണ് നവാസ് ഷരീഫ് പ്രധാനമന്ത്രി പദത്തിലേക്ക് എത്തുന്നത്.

പിപിപി ഉന്നതാധികാര സമിതി യോഗത്തിനു ശേഷമാണ് ബിലാവൽ ഭൂട്ടോ നിലപാട് വ്യക്തമാക്കിയത്. "എന്റെ പാർട്ടി സർക്കാർ രൂപീകരിക്കുന്നതിൽ ഭൂരിപക്ഷം നേടുന്നതിൽ പരാജയപ്പെട്ടു. അതുകൊണ്ട് പാക്കിസ്ഥാന്റെ പ്രധാനമന്ത്രി പദത്തിലേക്കില്ല. രാജ്യത്തിന്റെ രാഷ്ട്രീയ സ്ഥിരത ഉറപ്പാക്കുന്നതിനായാണ് പിഎംഎൽഎൻ പാർട്ടിക്കു പിന്തുണ നൽകുന്നത്. സർക്കാരിന്റെ ഭാഗമാകാതെയാകുമിത്. "ബിലാവൽ ഭൂട്ടോ പറഞ്ഞു. നാലാം



വട്ടവും നവാസ് ഷരീഫ് പാക്കിസ്ഥാൻ പ്രധാനമന്ത്രിയാകുമെന്ന് മുൻപ്രധാനമന്ത്രിയും സഹോദരനുമായ ഷഹബാസ് ഷരീഫിന്റെ പ്രഖ്യാപനത്തിന് പിന്നാലെയാണ് ബിലാവൽ ഭൂട്ടോയുടെ പിന്മാറ്റം.

പാക്കിസ്ഥാൻ തിരഞ്ഞെടുപ്പിനു പിന്നാലെ സർക്കാരുണ്ടാക്കാൻ മുൻ പ്രധാനമന്ത്രിയും പാക്കിസ്ഥാൻ മുസ്!ലിം ലീഗ് (പിഎംഎൽഎൻ) നേതാവുമായ നവാസ് ഷരീഫ് നീക്കം തുടങ്ങിയിരുന്നു. ഇതിന്റെ ഭാഗമായി ഇമ്രാൻ ഖാന്റെ പിടിഐ ഒഴികെയുള്ള പാർട്ടികളെ സഖ്യത്തിനു ക്ഷണിച്ചിരുന്നു. സൈന്യത്തിന്റെ പിന്തുണയും നവാസ് ഷരീഫിന്റെ നേതൃത്വത്തിനാണ്.

ഈ മാസം 8നു നടന്ന തിരഞ്ഞെടുപ്പിൽ ഒരു പാർട്ടിക്കും ഭൂരിപക്ഷം ലഭിച്ചിരുന്നില്ല. 336 അംഗ ദേശീയ അസംബ്ലിയിൽ സംവരണ സീറ്റുകളൊഴികെയുള്ള 265 സീറ്റിൽ നടന്ന തിരഞ്ഞെടുപ്പിൽ പിടിഐ പിന്തുണയുള്ള സ്വതന്ത്രർക്ക് 101 സീറ്റ് ലഭിച്ചു. പിഎംഎൽഎൻ 75 സീറ്റുമായി രാഷ്ട്രീയ കക്ഷികളിൽ ഒന്നാമതെത്തി. മുൻ വിദേശകാര്യമന്ത്രി ബിലാവൽ ഭൂട്ടോ സർദാരിയുടെ പാക്കിസ്ഥാൻ പീപ്പിൾസ് പാർട്ടിക്ക് (പിപിപി) 54 സീറ്റുണ്ട്.

മുത്തഹിദ ക്വാമി മൂവ്മെന്റ് പാക്കിസ്ഥാൻ (എംക്യുഎം പി) 17, ജംഇയ്യത്തുൽ ഉലമാഇൽ ഇസ്‌ലാം (ജെയുഐ) 4, പിഎംഎക്യു 3, ഐപിപി2, ബിഎൻപി2 എന്നിങ്ങനെയാണ് മറ്റു കക്ഷികളുടെ സീറ്റുനില. പ്രവിശ്യാ അസംബ്ലികളിൽ പിഎംഎൽഎൻ 227 സീറ്റുമായി ഏറ്റവും വലിയ കക്ഷിയായി. പിപിപിക്ക് 160 സീറ്റുണ്ട്. എംക്യുഎംപി 45 സീറ്റ്.





# ഉദയം ഹോമുകൾക്ക് കേന്ദ്രീകൃത അടുക്കള സൗകര്യം നൽകുമെന്ന് സിഎഐഎഫ്

**കൊച്ചി:** മൈക്രോഫിനാൻസ് സ്ഥാപനമായ (എൻബിഎഫ്സിഎംഎഫ്ഐ) ക്രെഡിറ്റ് ആക്സസ് ഗ്രാമീൺ ലിമിറ്റഡിന്റെ (സിഎ ഗ്രാമീൺ) സിഎസ്ആർ വിഭാഗമായ ക്രെഡിറ്റ് ആക്സസ് ഇന്ത്യ ഫൗണ്ടേഷൻ (സിഎഐഎഫ്) കോഴിക്കോട്ടെ ഉദയം ഹോംസിന് കേന്ദ്രീകൃത അടുക്കള സൗകര്യം ഒരുക്കുന്നു. തങ്ങളുടെ സിഎസ്ആർ പദ്ധതിയുടെ ഭാഗമായി ഗ്രാമീണ പൊതു സ്ഥാപന വികസന പരിപാടിക്ക് കീഴിലാണ് ഇത് നടപ്പാക്കുന്നത്.

കോഴിക്കോട് നഗരത്തിലെ ഭവനരഹിതരുടെയും തെരുവിൽ താമസിക്കുന്നവരുടെയും നിരാലംബരുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ക്ഷേമം ഉറപ്പാക്കുന്നതിനുമായി ചേവായൂർ, വെള്ളിമാടുകുന്ന്, വെസ്റ്റ്ഹിൽ എന്നിവിടങ്ങളിൽ കോവിഡ്19 (മാർച്ച് 2020) കാലത്ത് കോഴിക്കോട് ജില്ലാ ഭരണകൂടം ആരംഭിച്ച റെസിഡൻഷ്യൽ സൗകര്യമാണ് ഉദയം ഹോംസ്. നാളിതുവരെയുള്ള വിവിധ നടപടികളിലൂടെ 2000ത്തിലധികം വ്യക്തികളെ ജില്ലാ ഭരണകൂടം വിജയകരമായി സഹായിച്ചിട്ടുണ്ട്. അസുഖബാധിതരും ഭിന്നശേഷിക്കാരും മുതിർന്നപൗരന്മാരുമായ ഏകദേശം 240ലധികം താമസക്കാർ മൂന്ന് ഉദയം ഹോം സെന്ററുകളിലുമായി താമസിക്കുന്നുണ്ട്.കോഴിക്കോട് ഉദയം ഹോംസുമായുള്ള ഞങ്ങളുടെ സഹകരണം പ്രഖ്യാപിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾ അഭിമാനിക്കുന്നുവെന്ന് സിഎ ഗ്രാമീൺ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും സിഎഐഎഫ് ഡയറക്ടറുമായ ഗണേഷ് നാരായണൻ പറഞ്ഞു.

ഇത് സാമൂഹിക ക്ഷേമത്തോടുള്ള ഞങ്ങളുടെ പ്രതിബദ്ധത പ്രതിഫലിപ്പിക്കുന്നു. ഭക്ഷണം മാത്രമല്ല, ഭവനരഹിതരായ ജനങ്ങൾക്ക് ഊഷ്മളതയും പരിചരണവും നൽകുന്ന ഒരു അത്യാധുനിക അടുക്കള സൗകര്യം നൽകാൻ ഞങ്ങൾ ഒരുമിച്ച് തീരുമാനിച്ചിരിക്കുന്നു. ഈ ശ്രമം ഞങ്ങളുടെ മൂല്യങ്ങളുമായി പൊരുത്തപ്പെടുന്നു, ഞങ്ങൾ സേവിക്കുന്ന കമ്മ്യൂണിറ്റികളുടെ ക്ഷേമത്തിന് സംഭാവന നൽകേണ്ടത് ഞങ്ങളുടെ ഉത്തരവാദിത്തമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങളുടെ വിഭവങ്ങളും വൈദഗ്ധ്യവും സംയോജിപ്പിക്കുന്നതിലൂടെ, ആവശ്യമുള്ളവരുടെ ജീവിതത്തിൽ ശാശ്വതമായ സ്വാധീനം ചെലുത്താൻ ഞങ്ങൾ ലക്ഷ്യമിടുന്നുവെന്നും ഗണേഷ് നാരായണൻ പറഞ്ഞു.

### തൃപ്പൂണിത്തുറ മെട്രോ സ്റ്റേഷൻ

# സുരക്ഷാ കമ്മീഷണറുടെ പരിശോധന പൂർത്തിയായി; സർവ്വീസ് ഉടൻ തുടങ്ങും

**കൊച്ചി:** തൃപ്പൂണിത്തുറ സ്റ്റേഷനിൽ കഴിഞ്ഞ രണ്ടു ദിവസമായി നടന്ന ചീഫ് മെട്രോ റെയിൽ സുരക്ഷാ കമ്മീഷണറുടെ പരിശോധന പൂർത്തിയായി. തൃപ്പൂണിത്തുറ മെട്രോ സ്റ്റേഷനിൽ യാത്രക്കാർക്കായി ഒരുക്കിയിരിക്കുന്ന സൌകര്യങ്ങൾ, സിസ്റ്റം, സിംഗ്നലിംഗ്, ട്രാക്ക് തുടങ്ങിയവയാണ് ചീഫ് മെട്രോ റെയിൽ സുരക്ഷാ കമ്മീഷണർ പരിശോധിച്ചത്. വ്യോമയാന മന്ത്രാലയത്തിൽ നിന്നുള്ള റെയിൽവേ സുരക്ഷാ കമ്മീഷണർ അനന്ദ്. എം.ചൗധരിയുടെ നേതൃത്വത്തിലായിരുന്നു പരിശോധന. തൃപ്പൂണിത്തുറ സ്റ്റേഷനിൽ നിന്ന് മെട്രോ സർവ്വീസ് ആരംഭിക്കുന്നതിനുള്ള അംഗീകാരം നൽകിക്കൊണ്ടുള്ള ചീഫ് മെട്രോ റെയിൽ സുരക്ഷാ



കമ്മീഷണറുടെ മറുപടി എത്രയും വേഗം ലഭിക്കുമെന്നാണ് കെഎംആർഎൽ പ്രതീക്ഷിക്കുന്നത്. തൃപ്പൂണിത്തുറ മെട്രോ സ്റ്റേഷൻ പ്രവർത്തനമാരംഭിക്കുന്നതിന് മുൻപ് ലഭിക്കേണ്ട പ്രധാന അനുമതിയാണ് ചീഫ് മെട്രോ റെയിൽ സുരക്ഷാ കമ്മീഷണറുടേത്. അതേസമയം തൃപ്പൂണിത്തുറ മെട്രോ സ്റ്റേഷനിലെ അവസാന ഘട്ട നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

1.35 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിലാണ് ആദ്യ ഘട്ടത്തിലെ അവസാന സ്റ്റേഷനായ തൃപ്പൂണിത്തുറ സ്റ്റേഷൻ ഒരുങ്ങുന്നത്. ഇതിൽ 40,000 ചതുരശ്ര അടി ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികൾക്കായി നീക്കിവച്ചിരിക്കുകയാണ്. ഓപ്പൺ വെബ് ഗിർഡർ സാങ്കേതിക വിദ്യ കൊച്ചി മെട്രോയിൽ ആദ്യമായി ഉപയോഗിച്ചത് എസ്.എൻ ജംഗ്ഷൻ തൃപ്പൂണിത്തുറ സ്റ്റേഷനുകൾക്കിടയിലെ 60 മീറ്റർ മേഖലയിലാണ്. ആലുവ മുതൽ തൃപ്പൂണിത്തുറ സ്റ്റേഷൻ വരെ 25 സ്റ്റേഷനുകളുമായി 28.125 കിലോമീറ്റർ ദൈർഘ്യമാണ് കൊച്ചി മെട്രോയുടെ ഒന്നാം ഘട്ടത്തിൽ പിന്നിടുക.

# എച്ച്ഡിഎഫ്സി ബാങ്ക് 300 മില്യൺ ഡോളർ സമാഹരിച്ചു

**മുംബൈ:** എച്ച്ഡിഎഫ്സി ബാങ്ക് ലിമിറ്റഡ് തങ്ങളുടെ പ്രഥമ സുസ്ഥിര ഫിനാൻസ് ബോണ്ട് ഇഷ്യുവിലൂടെ 300 മില്യൺ ഡോളർ സമാഹരിച്ചതായി പ്രഖ്യാപിച്ചു. റെഗുലേഷൻ എസ് ബോണ്ടുകളിലൂടെ മൊത്തത്തിൽ 750 മില്യൺ ഡോളർ സമാഹരിക്കുന്നതിന്റെ ഭാഗമാണിത്. യു.എസ് ട്രഷറിയിൽ 95 ബേസിസ് പോയിന്റുമായി മൂന്ന് വർഷത്തേക്ക് 300 മില്യൺ ഡോളർ സമാഹരിച്ചപ്പോൾ, യുഎസ് ട്രഷറിയിൽ 108 ബേസിസ് പോയിന്റുകൾ വ്യാപിപ്പിച്ചുകൊണ്ട് 5 വർഷത്തേക്ക് മറ്റൊരു 450 മില്യൺ ഡോളറും സമാഹരിച്ചു. മൂന്ന് വർഷത്തെ സുസ്ഥിര ബോണ്ടിനും അഞ്ച് വർഷത്തെ സീനിയർ അൺസെക്യൂർഡ് ബോണ്ടിനും സമാനമായ വലുപ്പത്തിലുള്ള യു എസ് ഡി റെജ് എസ് ഇഷ്യുവൻസിനായി ഒരു ഇന്ത്യൻ ഇഷ്യൂവർ നേടിയ ഏറ്റവും കടുപ്പമേറിയ ക്രെഡിറ്റ് സ്പ്രെഡുകളാണിതെന്നും ബാങ്ക് അധികൃതർ വ്യക്തമാക്കി.

# അകുംസ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** അകുംസ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. ഓഹരി ഒന്നിന് രണ്ട് രൂപ മുഖവിലയുള്ള 680 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെയും നിലവിലുള്ള നിക്ഷേപകരുടെയും 18,598,365 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, സിറ്റി ഗ്രൂപ്പ് ഗ്ലോബൽ മാർക്കറ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ആംബിറ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# കാപ്രി ഗ്ലോബൽ ക്യാപിറ്റൽ ലിമിറ്റഡ് ഓഹരി വിഭജനം പ്രഖ്യാപിച്ചു

**കൊച്ചി:** ബാങ്കിതര ധനകാര്യ കമ്പനിയായ (എൻബിഎഫ്സി) കാപ്രി ഗ്ലോബൽ ക്യാപിറ്റൽ ലിമിറ്റഡ് 1:1 അനുപാതത്തിൽ ഓഹരി വിഭജനം നടത്തും. രണ്ടു രൂപ മുഖവിലയുള്ള ഇക്വിറ്റി ഓഹരി ഒരു രൂപ മുഖവിലയുള്ള രണ്ട് ഇക്വിറ്റി ഓഹരികളാക്കി മാറ്റുന്നതിന് കമ്പനിയുടെ ഡയറക്ടർമാരുടെ ബോർഡ് യോഗം അനുമതി നൽകി. ഫെബ്രുവരി 22ന് ചേരുന്ന അസാധാരണ ജനറൽ മീറ്റിങ്ങിൽ പുതിയ തീരുമാനത്തിന് ഓഹരി ഉടമകളുടെ അനുമതി തേടും. ഇതോടൊപ്പം വിവിധ ഘട്ടങ്ങളിലായി 500 കോടി രൂപ വരെ സമാഹരിക്കുന്നതിന് കടപ്പത്രങ്ങൾ (എൻസിഡി) ഇറക്കാനും കമ്പനിയുടെ ബോർഡ് യോഗം തീരുമാനിച്ചു.

# റെയിൽവേ വാഗൺ വീൽ നിർമ്മാണം വിപുലീകരിക്കാൻ ഹിൽറ്റൺ മെറ്റൽ ഫോർജിങ്

**കൊച്ചി:** മുൻനിര ഉരുക്കു ഉൽപ്പന്ന നിർമ്മാതാക്കളായ ഹിൽറ്റൺ മെറ്റൽ ഫോർജിങ് ലിമിറ്റഡ് റെയിൽവേ ഫോർജ്ഡ് വാഗൺ വീൽ നിർമ്മാണം വിപുലീകരിക്കുന്നു. പ്രതിവർഷം 48000 വീലുകൾ നിർമ്മിക്കാൻ ശേഷിയുള്ള പ്ലാന്റ് കമ്പനി പുതുതായി ഒരുക്കിയിട്ടുണ്ട്. വിപണിയിൽ വർധിച്ചു വരുന്ന ആവശ്യം കണക്കിലെടുത്ത് ബിസിനസ് വിപുലപ്പെടുത്താനാണ് കമ്പനിയുടെ പദ്ധതി. സമീപ ഭാവിയിൽ ടെൻഡറുകളിലൂടെ കൂടുതൽ വീൽ നിർമ്മാണ ഓർഡറുകളാണ് കമ്പനി പ്രതീക്ഷിക്കുന്നത്. റെയിൽവേ വീലുകൾ തദ്ദേശീയമായി നിർമ്മിക്കുന്ന ആദ്യ ഇന്ത്യൻ എംഎസ്എംഇ ആണ് ഹിൽറ്റൺ. കമ്പനിയുടെ വിറ്റുവരവിലും അറ്റാദായത്തിലും വർഷംതോറും മികച്ച വർധനയുണ്ട്.

# പാലിയേറ്റീവ് കുടുംബ സംഗമം

**ഇത്തിക്കര:** ബ്ലോക്ക്പഞ്ചായത്തിന്റെയും കലയ്ക്കോട് കുടുംബാരോഗ്യകേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ പാലിയേറ്റീവ് കുടുംബ സംഗമം സംഘടിപ്പിച്ചു. ചാത്തന്നൂർ ഇസിയാൻ ഇൻഡോർ സ്റ്റേഡിയത്തിൽ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം കെ ശ്രീകുമാർ നിർവഹിച്ചു. ബോധവൽക്കരണ ക്ലാസുകൾ, കിറ്റ്വിതരണം, കലാസാംസ്കാരിക പരിപാടികൾ തുടങ്ങിയവയും നടന്നു.ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് നിർമ്മല വർഗീസ് അദ്ധ്യക്ഷയായി. ചിറക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി ആർ സജില, സ്ഥിരസമിതി അധ്യക്ഷരായ സനിത രാജീവ്, എൻ ശർമ്മ, സി ശകുന്തള, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# വർണ്ണപ്പകിട്ട് 2024; ട്രാൻസ്ജെൻഡർ ഫെസ്റ്റ് 17 ന് തുടങ്ങും

**തൃശ്ശൂർ:** ട്രാൻസ്ജെൻഡർ വ്യക്തികളുടെ സർഗ്ഗ വാസനയും കലാഅഭിരുചിയും പരിപോഷിപ്പിക്കുക, അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെ 2019 ൽ തുടക്കം കുറിച്ച ട്രാൻസ്ജെൻഡർ ഫെസ്റ്റ് സംസ്ഥാന കലോൽസവം ഈ വർഷം 'വർണ്ണപ്പകിട്ട് 2024' എന്ന പേരിൽ ഫെബ്രുവരി 17, 18, 19 തിയതികളിലായി തൃശ്ശൂരിൽ നടക്കും.

തൃശ്ശൂർ ജില്ല ആദ്യമായി ആഥിതേയത്വം വഹിക്കുന്ന കലോത്സവം ടൗൺ ഹാൾ, എഴുത്തച്ഛൻ സമാജം ഹാൾ എന്നിവിടങ്ങളിലായിട്ടാണ് നടക്കുന്നത്. ഫെബ്രുവരി 17 ന് വൈകീട്ട് 4 ന് തൃശ്ശൂർ വിദ്യാർത്ഥി കോർണറിൽനിന്നും ആരംഭിക്കുന്ന വർണ്ണാഭമായ ഘോഷയാത്രയോടെയായിരിക്കും കലോത്സവത്തിന് തുടക്കം കുറിക്കുക. ടൗൺഹാളിൽ എത്തിച്ചേരുന്ന ഘോഷയാത്രയ്ക്കുശേഷം ഉദ്ഘാടനസമ്മേളനം നടക്കും. തുടർന്ന് രണ്ട് ദിവസങ്ങളിലായി ട്രാൻസ്ജെൻഡർ വ്യക്തികളുടെ കലാപരിപാടികൾ നടക്കും.

# വാലൻറൈൻസ് ഡേ സ്റ്റോറുമായി ആമസോൺ

**കൊച്ചി:** വാലൻറൈൻസ് ഡേയ്ക്കായി പ്രത്യേകം ഒരുക്കിയ വാലൻറൈൻസ് ഡേ സ്റ്റോറുമായി ആമസോൺ.ഇൻ. പ്രിയപ്പെട്ടവർക്കുള്ള മികച്ച ഗിഫ്റ്റ് നൽകാവുനായി ചോക്ലേറ്റുകൾ, ഇലക്ട്രോണിക്സ്, ഹോം ഡെക്കർ, ഫാഷൻ ആൻറ് ബ്യൂട്ടി സാധനങ്ങൾ, കസ്റ്റമൈസ് ചെയ്യാവുന്ന ഇഗിഫ്റ്റ് കാർഡുകൾ തുടങ്ങിയവ സ്റ്റോറിൽ ലഭ്യമാണ്.ഫെബ്രുവരി 14 വരെ ലൈവായ സ്റ്റോറിൽ വെറാ മോഡ, ഗിവ, കാഡ്ബെറി ഫ്ളവർ ഔറ, വൺ പ്ലസ്, സോണി, ബോട്ട്, ഫോസിൽ എന്നീ ബ്രാൻഡുകളിൽ നിന്നുള്ള വിവിധ ഉൽപ്പന്നങ്ങൾക്ക് ഓഫറുകൾ ലഭ്യമാണ്. സ്മാർട്ട്ഫോണുകൾ, ടി വികൾ, പാദരക്ഷകൾ, വാച്ചുകൾ, ഫ്ലവർ, ഗ്രൂമിംഗ് എസ്സെൻഷ്യൽസ്, ഹാൻഡ്ബാഗുകൾ, അപ്പാരൽ, വീഡിയോ ഗെയിമുകൾ എന്നിവ സ്റ്റോറിൽ ലഭ്യമാണ്. കൂടാതെ, മുൻഗണന അനുസരിച്ച് കസ്റ്റമൈസ് ചെയ്യാവുന്ന ഗിഫ്റ്റ് കാർഡുകളും സ്റ്റോറിലുണ്ടെന്ന് അധികൃതർ അറിയിച്ചു.

# പൊന്നുരുന്നി ശ്രീനാരായണേശ്വരം ക്ഷേത്രത്തിൽ ഉൽസവം 2024 ഫെബ്രുവരി 17 മുതൽ 23 വരെ

**കൊച്ചി:** വൈറ്റില പൊന്നുരുന്നി ശ്രീനാരായണേശ്വരം ക്ഷേത്രത്തിലെ ഉൽസവം 2024 ഫെബ്രുവരി 17 മുതൽ 23 വരെ നടക്കും. 17 ന് വൈകിട്ട് ഏഴരയ്ക്ക് വടക്കുംപുറം ശശിധരൻ തന്ത്രിയുടെ മുഖ്യകാർമ്മികത്വത്തിൽ കൊടിയേറ്റ് നടക്കും.തുടർന്ന് എട്ടിന് കലാപരിപാടികളുടെ ഉദ്ഘാടനം. 8.15 ന് സ്കൂൾ വിദ്യാർഥികളുടെ വിവിധ കലാപരിപാടികൾ.

8.30 ന് നൃത്തസന്ധ്യ, 9.15 ന് നൃത്തനൃത്ത്യങ്ങൾ, തുടർന്ന് കൈകൊട്ടിക്കളി,താലം ഘോഷയാത്ര എന്നിവ നടക്കും.ഉൽവസ ദിവസങ്ങളിൽ രാവിലെ എട്ടിന് ഭാഗവത പാരായണം ഉണ്ടായിരിക്കും. 18 മുതൽ 23 വരെ ദിവസവും രാവിലെ 9.30 ന് കൊടിമരച്ചുവട്ടിൽ പറനിറയ്ക്കൽ ഉച്ചയ്ക്ക് 12 ന് പ്രസാദമൂട്ട് എന്നിവ നടക്കും. 18 ന് രാവിലെ 10 ന് നാരായണീയ പാരായണം, വൈകിട്ട് ആറിന് വിശേഷാൽ അലങ്കാര പൂജ, തുടർന്ന് കോൽതിരുവാതിര, ദീപാരാധന,താലംഘോഷയാത്ര.6.40 ന് കുച്ചുപ്പുടി, ഏഴരയ്ക്ക് നൃത്തനൃത്ത്യങ്ങൾ, 8.45 ന് നൃത്തനൃത്ത്യങ്ങൾ ആന്റ് മ്യൂസിക്ക്, 19 ന് രാവിലെ എട്ടിന് ശ്രീബലി,വൈകിട്ട് 6.45 ന് നാടോടി നൃത്തം, ഏഴിന് സെമിക്ലാസിക്കൽ ഡാൻസ്, 7.15 ന് സോപാന സംഗീതാർച്ചന, 8.30 ന് ഗാനമേള 20 ന് വൈകിട്ട് 6.40 ന് ചാക്യാർ കൂത്ത്, എട്ടിന് നൃത്തനൃത്ത്യങ്ങൾ, 8.15 ന് ഫ്യൂഷൻ ഡാൻസ്, 8.25 ന് കൈകൊട്ടിക്കളി,9.15 ന് നാടകം, 21ന് വൈകിട്ട് ഏഴിന് ചിന്ത് പാട്ട്, കാവടി ഘോഷയാത്ര വരവ്, 10.30 ന് നാടകം. പ്രതിഷ്ഠാദിനമായ 22 ന് രാവിലെ ഒമ്പതിന് വേദം(ഉപനിഷത്ത്) പാരായണം.വൈകിട്ട് ആറിന് സോപാന സംഗീതം, 6.45 ന് കൈകൊട്ടിക്കളി, ഏഴിന് ഭക്തിഗാനസന്ധ്യ, എട്ടിന് തിരുവാതിര, തുടർന്ന് കാവടി ഘോഷയാത്ര വരവ്,9.45 ന് ക്ലാസിക്കൽ ഡാൻസ്, 10 ന് നാടൻപാട്ട് ഡാൻസ്, 11 ന് പള്ളിവേട്ട 23 ന് വൈകുന്നേരം അഞ്ചിന് ശ്രീഭൂതനാഗയക്ഷിയമ്മയ്ക്ക് തളിച്ചുകൊടുക്കലും പാട്ടും, അഞ്ചിന് ഓട്ടൻ തുള്ളൽ, 6.30 ന് പകൽപ്പൂരം,വലിയ കാണിക്കയിടൽ, 7.15 ന് തായമ്പക, 9.30 ന് ഗാനമേള, 24 ന് പുലർച്ചെ ഒരുമണിക്ക് ആറാട്ട് ബലി, നാലിന് ആറാട്ട്,തുടർന്ന് ആറാട്ടെഴുന്നള്ളിപ്പ്, കൂട്ടിയെഴുന്നള്ളിപ്പ്, കൊടിയിറക്കൽ.

# ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾക്ക് കേരളത്തിന് ദേശീയ പുരസ്കാരം

**തൃശ്ശൂർ:** മികച്ച ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾക്ക് കേരളത്തിന് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ പുരസ്കാരം ലഭിച്ചു. സ്വകാര്യ മേഖലയിൽ ദേശീയ ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾ (എൻടിഇപി) ഏറ്റവും മികച്ച രീതിയിൽ ഏകോപിപ്പിച്ചതിനാണ് പുരസ്കാരം ലഭിച്ചത്. സ്വകാര്യ മേഖലയിൽ നിന്നും നിക്ഷയ് പോർട്ടൽ മുഖേന ഏറ്റവും കൂടുതൽ ക്ഷയരോഗ ബാധിതരെ രജിസ്റ്റർ ചെയ്യിപ്പിച്ചതിനാണ് പുരസ്കാരം. 2019ൽ സ്വകാര്യ മേഖലയിൽ നിന്നും 4615 ക്ഷയരോഗ ബാധിതരെ നിക്ഷയ് പോർട്ടലിൽ രജിസ്റ്റർ ചെയ്തപ്പോൾ 2023ൽ അത് 6542 ആയി ഉയർന്നു. ഈ നേട്ടമാണ് പുരസ്ക്കാരത്തിന് അർഹമാക്കിയത്.

സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് 2025ഓടുകൂടി കേരളത്തെ ക്ഷയ രോഗമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ശക്തമായ പ്രവർത്തനങ്ങൾ നടത്തി വരുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. ക്ഷയരോഗ മുക്തകേരളം എന്ന ലക്ഷ്യത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ക്ഷയരോഗമുക്ത പഞ്ചായത്ത് പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. ഇത് കൂടാതെയാണ് സ്വകാര്യ മേഖലയെക്കൂടി സജീവമായി പങ്കെടുപ്പിച്ച് ചികിത്സ ഏകോപിപ്പിക്കുന്നത്. ഇതിനുള്ള അംഗീകാരമാണ് ഈ പുരസ്കാരമെന്നും മന്ത്രി വ്യക്തമാക്കി.

സംസ്ഥാനത്ത് നിലവിൽ 330 സ്റ്റെപ്സ് സെന്ററുകൾ (സിസ്റ്റം ഫോർ ടിബി എലിമിനേഷൻ ഇൻ പ്രൈവറ്റ് സെക്ടർ) പ്രവർത്തിച്ചു വരുന്നു. സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്നവരെ പൊതുമേഖലാ സംവിധാനവുമായി ബന്ധപ്പെടുത്തി ഏകീകൃത ചികിത്സ നൽകുന്ന കേന്ദ്രങ്ങളാണ് സ്റ്റെപ്സ് സെന്റർ. ഇവിടെ ചികിത്സക്ക് എത്തുന്ന ക്ഷയരോഗ ബാധിതർക്ക് രോഗ നിർണയവും, ചികിത്സയും, ഉന്നത നിലവാരത്തിലുള്ള മരുന്നുകളും ഉറപ്പാക്കുന്നതിനായി രാജ്യത്തിന് മാതൃകയായി കൊണ്ടുവന്ന സംസ്ഥാന പദ്ധതിയാണിത്.

സ്വകാര്യ സ്ഥാപനങ്ങളുടെ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായിട്ടുള്ള സിഎസ്ആർ ഫണ്ട് ഉപയോഗിച്ചു കൊണ്ട് കേരളത്തിലെ ക്ഷയരോഗ ബാധിതർക്ക് പോഷകാഹാര കിറ്റുകൾ നൽകാൻ സംസ്ഥാന തലത്തിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു. നിലവിൽ എറണാകുളം, വയനാട്, തിരുവനന്തപുരം ജില്ലകളിൽ കൊച്ചിൻ ഷിപ്പ്യാഡിന്റെയും, കിംസ് ആശുപത്രിയുടെയും സഹകരണത്തോടെ പോഷകാഹാര കിറ്റുകൾ നൽകിവരുന്നു. മറ്റു ജില്ലകളിലും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടേയും, സ്വകാര്യ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ പോഷകാഹാര കിറ്റുകൾ നൽകുന്നതിനുള്ള ശ്രമങ്ങൾ സംസ്ഥാന തലത്തിൽ നടന്നുവരുന്നു.




# ബ്ലൂസ് ഫെസ്റ്റിവലിൽ ജാവ 350 ബ്ലൂ പ്രദർശിപ്പിച്ചു

**കൊച്ചി:** ജാവ യെസ്ഡി മോട്ടോർ സൈക്കിൾസ്, മഹീന്ദ്രയുടെ വാർഷിക ബ്ലൂസ് ഫെസ്റ്റിവലിൽ കമ്പനിയുടെ എക്സ്പീരിയൻസ് സോണിൽ ഏറ്റവും പുതിയ ജാവ 350 ബ്ലൂ പ്രദർശിപ്പിച്ചു.

ആകർഷകമായ ഈ പുതിയ നിറത്തിലുള്ള മോഡൽ ഉടൻ തന്നെ ഷോറൂമുകളിലുമെത്തും. സെലിബ്രേറ്റിങ് ദി വിമൻ ഇൻ ബ്ലൂസ് എന്ന പ്രമേയത്തിലാണ് ഈ വർഷത്തെ മഹീന്ദ്ര ബ്ലൂസ് ഫെസ്റ്റിവൽ. സംഗീത ലോകത്തെ പരിവർത്തനപരവും ശാക്തീകരിക്കുന്നതുമായ സ്വാധീനത്തിന് പേരുകേട്ട ബ്ലൂസിനെപ്പോലെ, യുവാക്കളെയും അവരുടെ അഭിലാഷങ്ങളെയും ശാക്തീകരിച്ചുകൊണ്ട് ആഗോള മോട്ടോർസൈക്കിൾ സംസ്കാരത്തിൽ വിപ്ലവം സൃഷ്ടിച്ച മുൻകാല ജാവ മോട്ടോർസൈക്കിളുകൾക്ക് ആദരം അർപ്പിക്കുന്നതാണ് പുതിയ ജാവ 350 ബ്ലൂ വെന്ന് കമ്പനി അധികൃതർ പറഞ്ഞു.അതിഗംഭീര പ്രകടനം, മികച്ച ഫിറ്റ്ഫിനിഷ് ലെവൽസ്, റൈഡർ കംഫേർട്ട്, കരിസ്മാറ്റിക് ക്ലാസിക് സ്റ്റൈലിങ് എന്നിവയിൽ മികച്ച അംഗീകാരങ്ങൾ നേടിയ ജാവ 350 മോഡൽ ലോങർ വീൽബേസ്, 178 എംഎം ഗ്രൗണ്ട് ക്ലിയറൻസ്, റിവൈസ്ഡ് റൈഡർ ട്രയാംഗിൾ എന്നിവയാൽ കമാൻഡിങ് സാനിധ്യവും മികച്ച റൈഡ് ഗുണനിലവാരവും ഉറപ്പാക്കുന്നു. 280 എംഎം ഫ്രണ്ട്, 240 എംഎം റിയർ ഡിസ്ക് ബ്രേക്കുകളോടു കൂടിയ ക്ലാസ്ലീഡിങ് ബ്രേക്കിങ് സിസ്റ്റവും, കോണ്ടിനെന്റൽ ഡ്യുവൽചാനൽ എബിഎസും സമാനതകളില്ലാത്ത സുരക്ഷയും നിയന്ത്രണവും ഉറപ്പാക്കി മികച്ച റൈഡിങ് അനുഭവം നൽകും.

പുതിയ 334 സിസി ലിക്വിഡ് കൂൾഡ് എഞ്ചിനാണ് ജാവ 350യുടെ കരുത്ത്.മറ്റു മുൻനിര ഫീച്ചറുകൾക്കൊപ്പം മെറൂൺ, കറുപ്പ്, മിസ്റ്റിക് ഓറഞ്ച് നിറങ്ങളിലാണ് ജാവ 350 വരുന്നത്. ജാവ യെസ്ഡി മോട്ടോർ സൈക്കിളുകളുടെ 400ലേറെ ഡീലർഷിപ്പുകളിലുടനീളം ജാവ 350 ടെസ്റ്റ് റൈഡുകൾക്കായി ലഭിക്കും. 2.14 ലക്ഷം രൂപയാണ് ഡൽഹി എക്സ്ഷോറൂം വിലയെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# മഹീന്ദ്ര സാരഥി അഭിയാൻ സ്കോളർഷിപ്പുകൾ വിതരണം ചെയ്തു

**കോഴിക്കോട് :** മഹീന്ദ്ര ഗ്രൂപ്പിന്റെ ഭാഗമായ മഹീന്ദ്ര ട്രക്ക് ആൻഡ് ബസ് ഡിവിഷൻ (എംടിബിഡി), മഹീന്ദ്ര സാരഥി അഭിയാൻ സ്കോളർഷിപ്പുകൾ വഴി ട്രക്ക് ഡ്രൈവർമാരുടെ പെണ്മക്കളെ ശാക്തീകരിക്കൽ തുടരുന്നു. തമിഴ്നാട്ടിലെ നാമക്കലിൽ മഹീന്ദ്ര ആൻഡ് മഹീന്ദ്രയുടെ വാണിജ്യ വാഹനങ്ങളുടെ ബിസിനസ് ഹെഡ് ജലജ് ഗുപ്തയുടെ സാനിധ്യത്തിൽ നടന്ന ചടങ്ങിൽ നേരിട്ടുള്ള അക്കൗണ്ട് ട്രാൻസ്ഫർ വഴി സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. 202324 സാമ്പത്തിക വർഷത്തിൽ പത്താം ക്ലാസ് വിജയിക്കുകയും തുടർ വിദ്യാഭ്യാസം നേടുകയും ചെയ്ത് ട്രക്ക് ഡ്രൈവർമാരുടെ പെണ്മക്കൾക്കാണ് 10,000 രൂപ വീതം സ്കോളർഷിപ്പായി സമ്മാനിച്ചത്.

# വേനൽ ചൂട്: തീപിടിത്തം ഒഴിവാക്കുന്നതിനുള്ള മുൻകരുതൽ സ്വീകരിക്കണം

**കൊച്ചി:** കടുത്ത വേനൽക്കാലത്ത് തീപിടിത്തങ്ങൾ ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് മുൻകരുതൽ നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാ കളക്ടർ നിർദേശിച്ചു.ജനവാസ  വാണിജ്യ കേന്ദ്രങ്ങളിൽ ഉണ്ടാകുന്ന തീപിടിത്തം മൂലം ജീവനും സ്വത്തിനും നഷ്ടങ്ങൾ ഉണ്ടാകാനുള്ള സാധ്യതകൾ കൂടുതൽ ഉണ്ട്.വേനൽക്കാലത്ത് മാർക്കറ്റുകൾ, ഗോഡൗൺ കെട്ടിടങ്ങൾ, മാലിന്യ ശേഖരണ കേന്ദ്രങ്ങൾ (ഡംപിങ് യാർഡ്) എന്നിവിടങ്ങളിൽ തീപിടിത്ത സാധ്യത ഏറെയാണ്. ഇത്തരത്തിൽ തീപിടിത്ത സാധ്യതയുള്ള ഇടങ്ങളിൽ ജില്ലാ ഫയർ & റസ്ക്യൂ വിഭാഗം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഫയർ ഓഡിറ്റ് നടത്തി കൃത്യമായ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കാൻ നിർദേശങ്ങൾ നൽകേണ്ടതാണ്.ജനവാസ മേഖലകളിൽ കാട് പിടിച്ച് കിടക്കുന്ന പൊതു സ്ഥലങ്ങൾ കണ്ടെത്തി ഉണങ്ങിയ പുല്ലുകൾ, അടിക്കാടുകൾ മുതലായവ നിയന്ത്രിതമായി വെട്ടിമാറ്റാനുള്ള നടപടികൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്. സ്വകാര്യ പുരയിടങ്ങളിലെ കാടുകൾ വെട്ടിമാറ്റുന്നതിനും മാലിന്യകൂമ്പാരങ്ങൾ വൃത്തിയാക്കുന്നതിനും സ്ഥല ഉടമകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നോട്ടീസ് നൽകേണ്ടതും നിർദേശം നടപ്പിലാക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.ജില്ലയിലെ റോഡുകളുടെ വശങ്ങളിലെയും മീഡിയനുകളിലെയും ഉണങ്ങിയ പുല്ലുകൾ, കുറ്റിക്കാടുകൾ മുതലായവ നിയന്ത്രിതമായി വെട്ടി മാറ്റാനുള്ള നടപടികൾ അതാത് ഉടമസ്ഥ ഏജൻസികളുടെ / വകുപ്പുകളുടെ ഉത്തരവാദിത്വത്തിൽ സ്വീകരിക്കേണ്ടതാണ്.കെ.എസ്.ഇ.ബി, പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിഭാഗം, ഫയർ & റസ്ക്യൂ വകുപ്പ് എന്നിവയുടെ സംയുക്ത നേതൃത്വത്തിൽ എല്ലാ ആശുപത്രികളിലും പ്രധാന ഓഫീസുകളിലും പൊതു സ്ഥാപനങ്ങളിലും ഇലക്ട്രിക് / ഫയർ ഓഡിറ്റ് നടത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള ശുപാർശകൾ അതാത് ആശുപത്രി ഓഫീസ് / സ്ഥാപന മേധാവികൾ ദുരന്തനിവാരണ നിയമ പ്രകാരം നടപ്പാക്കേണ്ടതാണ്.ജില്ലയിലെ പോലീസ് വിഭാഗം, അഗ്നി സുരക്ഷാ വകുപ്പ്, ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്, തൊഴിൽ വകുപ്പ് എന്നിവരുടെ സഹായത്തോടെ പടക്ക നിർമ്മാണ / സൂക്ഷിപ്പ് ശാലകൾ, പ്ലൈവുഡ് ഫാക്ടറികൾ, തീപിടിത്ത സാധ്യതയുള്ള മറ്റു വ്യവസായ സ്ഥാപനങ്ങൾ എന്നിവ അടിയന്തരമായി പരിശോധിച്ച് നിയമാനുസൃതമായ അഗ്നിസുരക്ഷാ ക്രമീകരണങ്ങൾ നിർബന്ധമായും ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.  സ്ക്രാപ്പ് മെറ്റീരിയലുകൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ കൃത്യമായ നിർദേശങ്ങൾ നൽകേണ്ടതാണ്.പോലീസ്, ആരോഗ്യം, മൃഗസംരക്ഷണം, കൃഷി, വനം വന്യജീവി, ഫയർ & റസ്ക്യൂ, തദ്ദേശ സ്വയംഭരണം, ജലസേചനം എന്നീ വകുപ്പ് മേധാവികൾ വേനൽക്കാല ദുരന്തങ്ങൾ ഒഴിവാക്കുന്നതിനും പ്രതിരോധിക്കുന്നതിനും വേണ്ടി പൊതുജനങ്ങൾക്കിടയിൽ വിപുലമായ ബോധവൽക്കരണ ക്യാംപയിൻ നടത്തേണ്ടതാണ്. ഈ ക്യാംപെയിനിലേക്ക് ഐ.എ. ജി, സാമൂഹിക സന്നദ്ധസേന, ആപ്ത മിത്ര, സിവിൽ ഡിഫൻസ് സേന എന്നിവരെ ഉപയോഗപ്പെടുത്താവുന്നതാണ്. ഈ പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നുണ്ടോ എന്ന് താലൂക്ക് തല വികസന സമിതികൾ, വില്ലേജ് തല ജനകീയ സമിതികൾ എന്നിവ മുഖാന്തരം ബന്ധപ്പെട്ട തഹസിൽദാർ, വില്ലേജ് ഓഫീസർ എന്നിവർ അവലോകനം ചെയ്യേണ്ടതും എന്തെങ്കിലും പോരായ്മകൾ കാണപ്പെടുന്ന പക്ഷം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ശ്രദ്ധയിൽ പെടുത്തേണ്ടതുമാണ്.





# വാണിജ്യവാഹന ഫിനാൻസ്:ടാറ്റ മോട്ടോഴ്സും ബന്ധൻ ബാങ്കും ധാരണാപത്രം ഒപ്പുവച്ചു

**മുംബൈ:** ഇന്ത്യയിലെ പ്രമുഖ വാണിജ്യവാഹന നിർമ്മാതാക്കളായ ടാറ്റ മോട്ടോഴ്സ് ഉപഭോക്താക്കൾക്ക് വാഹന വായ്പാ സൗകര്യം ഉറപ്പുവരുത്തുന്നതിന് പ്രമുഖ സ്വകാര്യ ബാങ്കായ ബന്ധൻ ബാങ്കുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു. വാണിജ്യ വാഹനങ്ങൾ വാങ്ങുന്നതിന് ആകർഷകമായ വ്യവസ്ഥകളിൽ ധനസഹായം ലഭ്യമാക്കുകയാണ് ധാരണാപത്രത്തിലൂടെ ഉദ്ദേശിക്കുന്നത്. ടാറ്റ മോട്ടോഴ്സിന്റെ വാണിജ്യ വാഹനങ്ങൾക്കെല്ലാം ഫിനാൻസ് ലഭ്യമാകും. ബാങ്കിന്റെ വിപുലമായ ശൃംഖലയും എളുപ്പത്തിലുള്ള തിരിച്ചടവ് വ്യവസ്ഥകളും ഉപഭോക്താക്കൾക്ക് ഗുണകരമാകും. മികച്ച വാഹന വായ്പാ സൗകര്യങ്ങൾ ഉപഭോക്താക്കൾക്ക് ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെയാണ് ബന്ധൻ ബാങ്കുമായി സഹകരണം ഉറപ്പാക്കിയതെന്ന് ടാറ്റ മോട്ടോഴ്സ് ട്രക്സ് വിഭാഗം വൈസ് പ്രസിഡന്റും ബിസിനസ് ഹെഡുമായ രാജേഷ് കൗൾ പറഞ്ഞു.

ബിസിനസ് ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് ഉപഭോക്താക്കൾക്ക് പിന്തുണ നൽകുന്നതിന് മികച്ച വാഹന വായ്പാ സൗകര്യങ്ങളാണ് ഈ സഹകരണത്തിലൂടെ അവതരിപ്പിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.വാണിജ്യ വാഹന ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്ക് ഇണങ്ങുന്ന തരത്തിലാണ് ഫിനാൻസ് പദ്ധതി ക്രമീകരിച്ചിരിക്കുന്നതെന്ന് ബന്ധൻ ബാങ്ക് കൺസ്യൂമർ ലെൻഡിങ് ആൻഡ് മോർട്ട്ഗേജ്സ് മേധാവി സന്തോഷ് നായർ പറഞ്ഞു.  രാജ്യത്തെ വാണിജ്യ വാഹന വിപണിയുടെ വളർച്ചയ്ക്ക് ഗുണകരമായ രീതിയിൽ ഫിനാൻസിങ് പദ്ധതികൾ അവതരിപ്പിക്കുന്നതിന് ടാറ്റ മോട്ടോഴ്സുമായുള്ള സഹകരണം ബാങ്കിനെ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഒരു ടൺ മുതൽ 55 ടൺ വരെയുള്ള കാർഗോ വാഹനങ്ങളും 10 സീറ്റ് മുതൽ 51 സീറ്റ് വരെയുള്ള ഗതാഗത വാഹനങ്ങളുമെല്ലാം ടാറ്റ മോട്ടോഴ്സിന്റെ ശ്രേണിയിൽ ഉൾപ്പെടുന്നു. വർധിച്ചുവരുന്ന ഗതാഗത ആവശ്യങ്ങൾക്ക് പര്യാപ്തമായ തരത്തിൽ ചെറിയ വാണിജ്യ വാഹനങ്ങൾ, പിക്ക് അപ്പ്, ട്രക്കുകൾ, ബസുകൾ എന്നിവയെല്ലാം ടാറ്റ മോട്ടോഴ്സ് അവതരിപ്പിക്കുന്നുണ്ട്.

# പിഒഎസ് സേവനം: സിഎസ്ബി ബാങ്ക്-ബിജ്‌ലിപേ സഹകരണം

**കൊച്ചി:**  ഡിജിറ്റൽ പെയ്മെൻറ് സംവിധാനങ്ങൾക്കായി സിഎസ്ബി ബാങ്ക് മുൻനിര ഫിൻടെക് കമ്പനിയായ ബിജ്‌ലിപേയുമായി സഹകരിക്കും. ബാങ്കിൻറെ പെയ്മെൻറ് സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനുള്ള പോയിന്റ് ഓഫ് സെയിൽ(പിഓഎസ്) സേവനങ്ങളിലാവും ഈ സഹകരണം കൂടുതലായി ശ്രദ്ധ കേന്ദ്രീകരിക്കുക.  കച്ചവടക്കാരുടെ സവിശേഷമായ ആവശ്യങ്ങൾക്ക് അനുസൃതമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക, ഡിജിറ്റൽ പെയ്മെൻറ് സംവിധാനങ്ങൾക്കായി അത്യാധുനീക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുക എന്നിവ ഇതിൻറെ ഭാഗമായി നടത്തും. കച്ചവടക്കാർക്കും ഉപഭോക്താക്കൾക്കും കൂടുതൽ സൗകര്യപ്രദമായ രീതിയിൽ സേവനങ്ങൾ ലഭ്യമാക്കാൻ ഈ നീക്കം സഹായകമാകുമെന്ന് സിഎസ്ബി ബാങ്ക് റീട്ടെയിൽ ബാങ്കിങ് മേധാവി നരേന്ദ്ര ഡിക്ഷിത്ത് പറഞ്ഞു. എല്ലാ വിഭാഗത്തിലും പെട്ട ബിസിനസുകൾക്ക് അത്യാധുനീക സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിലുള്ള സേവനങ്ങൾ പ്രദാനം ചെയ്യാനുള്ള തങ്ങളുടെ പ്രതിബദ്ധതയാണ് ഈ സഹകരണത്തിലൂടെ അംഗീകരിക്കപ്പെടുന്നതെന്ന് ബിജ്‌ലിപേ സിഇഒ പ്രദീപ് ഉമ്മൻ പറഞ്ഞു.

# ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾ വിൽപ്പന: വളർച്ച നേടി വാർഡ്‌വിസാർഡ്

**കൊച്ചി:** ജോയ് ഇ-ബൈക്ക് ബ്രാൻഡിന് കീഴിലുള്ള ഇന്ത്യയിലെ മുന്നിര ഇലക്ട്രിക് വാഹന നിർമാതാക്കളായ വാർഡ്‌വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡ് 2024 ജനുവരിയിൽ മികച്ച വളർച്ച രേഖപ്പെടുത്തി. 3,225 യൂണിറ്റ് ഇലക്ട്രിക് ഇരുചക്രവാഹനങ്ങളാണ് ബ്രാൻഡ് 2024 ജനുവരിയിൽ കയറ്റി അയച്ചത്. 2023 ജനുവരിയേക്കാള് 1,310 യൂണിറ്റുകൾ അധികം വിറ്റഴിച്ചു, മുൻ വർഷത്തെ അപേക്ഷിച്ച് വിൽപ്പനയിൽ 146% വർധനവാണുണ്ടായത്.അടുത്തിടെ സമാപിച്ച ഭാരത് മൊബിലിറ്റി ഗ്ലോബൽ എക്സ്പോ 2024ൽ കമ്പനിയുടെ തൂനത ആശയങ്ങൾ അവതരിപ്പിച്ചിരുന്നു. കമ്പനിയുടെ ആദ്യ ഹൈഡ്രജൻ പവേർഡ് ഇലക്ട്രിക് ഇരുചക്രവാഹന ആശയത്തിന് പുറമേ, ഉയർന്നതും, വേഗത കുറഞ്ഞതുമായ മോഡലുകളുടെ നിലവിലെ ഉല്പ്പന്ന നിരയും, ജോയ് ഇ-റിക്ക് എന്ന ബ്രാൻഡിന് കീഴിൽ പുതുതായി അവതരിപ്പിച്ച ഇലക്ട്രിക് ത്രീവീലറും വാർഡ് വിസാർഡ് എക്സ്പോയിൽ പ്രദർശിപ്പിച്ചിരുന്നു. വാർഡ്‌വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡിനെ സംബന്ധിച്ചിടത്തോളം 2024 ജനുവരി തങ്ങൾക്ക് ആഹ്ലാദകരമായ തുടക്കമാണെന്ന് ചെയർമാനും മാനേജിങ് ഡയറക്ടറുമായ യതിൻ ഗുപ്തെ പറഞ്ഞു, കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വില്പനയിൽ 146% വളർച്ചയ്ക്ക് തങ്ങൾ സാക്ഷ്യം വഹിച്ചു. അദ്ദേഹം കൂട്ടിച്ചേർത്തു.




# 46.2 കോടിയുടെ ബിസിനസ് സാധ്യതകളൊരുക്കി മെഷിനറി എക്സ്പോ

**കൊച്ചി:** മികച്ച നേട്ടം കൊയ്തു മെഷിനറി എക്സ്പോ 2024നു സമാപനം. 46.2കോടി രൂപയുടെ ബിസിനസിന് സാധ്യതകൾക്ക് എക്സ്പോയുടെ ആറാം പതിപ്പ് വഴി തുറന്നു. സംസ്ഥാന വ്യവസായ, വാണിജ്യ വകുപ്പിന്റെ സ്വന്തം സ്ഥിരംവേദിയായ കാക്കനാട് കിൻഫ്ര ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിൽ നടന്ന പ്രഥമ പ്രദർശനം ജനപങ്കാളിത്തം കൊണ്ടും ഏറെ ശ്രദ്ധേയമായി. പത്തിനാരംഭിച്ച എക്സ്പോ നാലുദിവസംകൊണ്ടു സന്ദർശിച്ചത് മുപ്പത്തിനായിരത്തിലേറെ പേരാണ്. പ്രവൃത്തിദിനങ്ങളിൽ പോലും ജനപ്രവാഹം തന്നെയാണ് വ്യവസായ യന്ത്ര പ്രദർശനത്തിൽ ഉണ്ടായത്.

സമാപന സമ്മേളനം ജില്ല പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ ഉദ്ഘാടനം ചെയ്തു. നഗര മധ്യത്തിൽ നിന്ന് മാറി നടത്തിയ എക്സ്പോ ജനങ്ങൾക്ക് പ്രത്യേകിച്ച് സംരംഭകർക്ക് മികച്ച അനുഭവമാണ് സമ്മാനിച്ചതെന്നും എക്സിബിഷൻ സ്ഥിരം വേദിയായി നിലനിർത്തണമെന്നും അദ്ദേഹം പറഞ്ഞു. ജില്ല വ്യവസായ കേന്ദ്രം ജനറൽ മാനേജരും മെഷിനറി എക്സ്പോ ജനറൽ കൺവീനറുമായ പി എ നജീബ് അധ്യക്ഷനായി. എക്കാലത്തെയും മികച്ച എക്സ്പോയാണ് ഇക്കൊല്ലം നടന്നതെന്ന് അദ്ദേഹം പറഞ്ഞു. ബിസിനസ് കേന്ദ്രീകൃത സന്ദർശകരുടെ വർധിത സാന്നിധ്യം ശ്രദ്ധേയമായി.

അടുത്തപതിപ്പ് അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുമെന്നും അദ്ദേഹം പറഞ്ഞു.നടി ലക്ഷ്മി പ്രിയ മുഖ്യാതിഥിയായി. കെ എസ് എസ് ഐ എ ജില്ല പ്രസിഡന്റ് എം എ അലി മുഖ്യ പ്രഭാഷണം നടത്തി. കെഐഇഡി സിഇഒ ബെനഡിക്റ്റ് വില്യം ജോൺസ്, കിൻഫ്ര ജനറൽ മാനേജർ ടി ബി അമ്പിളി, ജില്ല വ്യവസായ കേന്ദ്രം മാനേജർമാരായ ആർ രമ, ആർ സംഗീത, പി സ്വപ്ന, തൃശൂർ ജില്ല വ്യവസായ കേന്ദ്രം ജനറൽ മാനേജർ എസ് ഷീബ, മെഷീനറി എക്സ്പോ നോഡൽ ഓഫീസറും ജില്ല വ്യവസായ കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടറുമായ ജി പ്രണബ് എന്നിവർ സംസാരിച്ചു.

മെഷിനറി എക്സ്പോ 2024ലെ മികച്ച സ്റ്റാളുകൾക്ക് മനോജ് മൂത്തേടനും ലക്ഷ്മി പ്രിയയും ചേർന്നു പുരസ്കാരങ്ങൾ സമ്മാനിച്ചു. എറണാകുളം പാക്ക് മെൻ മെഷിനറീസ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം പ്രിന്റെക് എഞ്ചിനീയേഴ്സ്, തൃശൂർ ലിവേജ് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവയ്ക്കാണ് മികച്ച സ്റ്റാളുകൾക്കുള്ള പുരസ്കാരം ലഭിച്ചത്.ഇതാദ്യമായി ഡോമുകളായി സജ്ജീകരിച്ച വേദിയിൽ സെക്റ്റർ അടിസ്ഥാനത്തിൽ നടത്തിയ പ്രദർശനത്തിൽ 166 സ്റ്റാളുകളിലായി രാജ്യത്തെ നൂറിലേറെ യന്ത്രനിർമ്മാതാക്കളാണ് പങ്കെടുത്തത്. നൂതന ട്രെൻഡുകളും ലൈവ് ഡെമോൺസ്ട്രേഷനുകളും നിർമ്മാതാക്കളുമായി ആശയവിനിമയ സെഷനുകളും എക്സ്പോയുടെ ഭാഗമായി

# ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് ബജറ്റ്: സംരംഭകത്വ പ്രോത്സാഹനവും വയോജന ക്ഷേമവും പ്രത്യേക ലക്ഷ്യം

**കൊച്ചി:** ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന്റെ 202425 വർഷത്തെ വാർഷിക ബജറ്റിൽ യുവജനങ്ങൾ,വനിതകൾ എന്നിവരുടെ സംരംഭകത്വ പ്രോത്സാഹനത്തിന് കൂടുതൽ അവസരങ്ങൾ. ഗ്രാമ പഞ്ചായത്തിനെ വയോജന സൗഹൃദമാക്കി മാറ്റുകയാണ് മറ്റൊരു പ്രധാന ലക്ഷ്യം.

വിവിധ ഇനങ്ങളിലായി 21,91,75,121 രൂപയുടെ ആകെ വരവും, 21,62,96, 491 രൂപയുടെ ചെലവും, 28,76,630 രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്നതാണ് ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം. ആർ. രാജേഷിന്റെ അദ്ധ്യക്ഷതയിൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പുഷ്പ പ്രദീപ് അവതരപ്പിച്ച വാർഷിക ബജറ്റ്. കേരഗ്രാമം, ഹരിത സമൃദ്ധി, തരിശു രഹിത ഗ്രാമം തുടങ്ങിയ കാർഷിക മേഖലയിലെ പദ്ധതികളെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവുമായി സംയോജിപ്പിച്ച് കാർഷിക മേഖലയിലും അനുബന്ധ തൊഴിൽ മേഖലകളിലും നിരവധി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് ബജറ്റ് ലക്ഷ്യം വയ്ക്കുന്നു. കുടുംബശ്രീ,വനിതാ വികസനം, പട്ടികജാതി,പട്ടിക വർഗ്ഗ ക്ഷേമം എന്നീ മേഖലകളിലും നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് ആ മേഖലയിൽ ഉൽപ്പാദന വർദ്ധനവും തൊഴിലും ലക്ഷ്യമാക്കുന്നതോടൊപ്പം ക്ഷേമ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകുന്നു. വനിതകളുടെ കായിക ശേഷിയും, ആത്മവിശ്വാസവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യം വെച്ച് ഉള്ള വനിതാ ജിം ബജറ്റിന്റെ ലക്ഷ്യമാണ്. സമ്പൂർണ്ണ വയോ സൗഹൃദ പഞ്ചായത്ത് എന്ന ലക്ഷ്യം നേടുന്നതിന് വേണ്ടി പകൽ വീടുകൾ, വയോ പാർക്കുകൾ, ഹാപ്പിനസ്സ് പാർക്കുകൾ, ലഘു നിർമ്മാണ യൂണിറ്റുകൾ, വയോജനങ്ങളുടെ തുടർ പഠനവും, സാമൂഹ്യ മാനസിക ശാക്തീകരണം ലക്ഷ്യം വെയ്ക്കുന്ന പ്രത്യേക പദ്ധതികൾ എന്നിവ 202425 വർഷത്തിൽ നടപ്പാക്കുന്നു.ബഡ്സ് സ്കൂൾ, എല്ലാ വാർഡുകളിലും ലൈബ്രറികൾ, സംസ്കാരിക കേന്ദ്രങ്ങൾ, ആകർഷകമായ പൊതു ഇടങ്ങൾ, ചോറ്റാനിക്കര ഹൈസ്കൂൾ ഗ്രൗണ്ടിൽ ആധുനിക സിന്തറ്റിക് ട്രാക്ക് എന്നിങ്ങനെ വിദ്യാഭ്യാസ കലാ കായിക സാംസ്കാരിക മേഖലകളിലും പദ്ധതികൾ ആവിഷ്കരിക്കുന്നു.

അങ്കണവാടി കെട്ടിടങ്ങളുടെ നവീകരണം സ്വന്തമായി കെട്ടിടമില്ലാത്തവയ്ക്ക് കെട്ടിടം എന്നിവയും വരും വർഷത്തിൽ ലക്ഷ്യം വെക്കുന്നു.നിർദിഷ്ട ടെമ്പിൾ സിറ്റി, മാലിന്യ സംസ്കരണം തുടങ്ങിയ പദ്ധതികൾക്കും പ്രത്യേകമായി തുക വിലയിരുത്തി.ഗ്രാമപഞ്ചായത്ത് ക്ഷേമ സമിതി ചെയർപേഴ്സൺമാർ, ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ, ആസൂത്രണം സമിതി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# എവെരി ചൈൽഡ് ഈസ് എ വി.ഐ.പി

**കൊച്ചി:** തേവര സേക്രഡ് ഹാർട്ട് കോളേജിലെ ജേർണലിസം ഡിപ്പാർട്മെന്റും, മാധ്യമ വിദ്യാർത്ഥികളുടെ മീഡിയ സ്റ്റാർട്ട്അപ്പായ 'വൗ കൊച്ചി'യും ചേർന്ന് കുട്ടികളുടെ അവകാശങ്ങളെ കുറിച്ച് സമൂഹത്തിൽ കൂടുതൽ അവബോധം സൃഷ്ടിക്കുക, കുട്ടികൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ ശക്തമായ നടപടിയെടുക്കുക എന്നീ ലക്ഷ്യങ്ങളുയർത്തി സംഘടിപ്പിക്കുന്ന 'എവെരി ചൈൽഡ് ഈസ് എ വി.ഐ.പി' എന്ന ക്യാമ്പയിന് നാളെ തുടക്കം കുറിക്കും.

തേവര സേക്രഡ് ഹാർട്ട് പബ്ലിക് സ്കൂളിൽ വെച്ച് നടക്കുന്ന പരിപാടി കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം രാവിലെ 9 മണിക്ക് നിർവഹിക്കും. എസ് എച്ച് ഇൻസ്റ്റിറ്റ്യൂഷൻസിന്റെ മാനേജറും സേക്രഡ് ഹാർട്ട് സി എം ഐ പബ്ലിക് സ്കൂളിന്റെ പ്രിൻസിപ്പലുമായ റവ. ഫാദർ വർഗീസ് കാച്ചപ്പിള്ളി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ എറണാകുളം എം. പി ഹൈബി ഈഡൻ, കൊച്ചി കോർപ്പറേഷൻ വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി. ആർ റെനീഷ് എന്നിവർ പങ്കെടുക്കും.സിനിമാ താരവും, 2013ലെ മികച്ച ബാലതാരത്തിനുള്ള സംസ്ഥാന ചലച്ചിത്ര അവാർഡ് ജേതാവുമായ അനിഘ സുരേന്ദ്രൻ ഈ ക്യാമ്പയിനിന്റെ ഗുഡ് വിൽ അംബാസിഡറാകും.വിവിധ പരിപാടികളിലായി ക്യാമ്പയിനിന്റെ ആദ്യഘട്ടത്തിൽ ഒരു ലക്ഷം വിദ്യാർത്ഥികളെ പങ്കെടുപ്പിക്കും.വാർത്തസമ്മേളനത്തിൽ തേവര കോളേജ് ജേർണലിസം മേധാവി സുജിത് നാരായണൻ, എൻ എസ് എസ് പ്രോഗ്രാം ഓഫിസർ ഡോ. ജൂൺ സിറിയക്, അനിഘ സുരേന്ദ്രൻ എന്നിവർ പങ്കെടുത്തു.

# ഓങ്കോളജി ശിൽപശാല സംഘടിപ്പിച്ചു

**കൊച്ചി:** കാർക്കിനോസ് ഹെൽത്ത്കെയർ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുമായി ചേർന്ന് പ്രിസിഷൻ മെഡിസിൻ ഓങ്കോളജിയെ കുറിച്ചുള്ള ശിൽപശാല സംഘടിപ്പിച്ചു. കുസാറ്റ്കാർക്കിനോസ് ഹെൽത്ത്കെയർ കൊളോകിയം സീരീസിൻറെ ഭാഗമായി സംഘടിപ്പിച്ച ശിൽപ്പശാല കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ.പി.ജി.ശങ്കരൻ ഉദ്ഘാടനം ചെയ്തു.ജീനോമിക് സാങ്കേതിക വിദ്യയുടെ വിവിധ സാദ്ധ്യതകളെ പ്രിസിസഷൻ ഓങ്കോളജി വഴി കാൻസർ രോഗികൾക്ക് എങ്ങനെ ഏറ്റവും ഉപകാരപ്രദമാക്കാം എന്നതിനെകുറിച്ചായിരുന്നു ശിൽപശാല. മസാച്യുസെറ്റ്സ് ജനറൽ ഹോസ്പിറ്റൽ കാൻസർ സെൻററിലെ ക്ലിനിക്കൽ റിസർച്ച് ഡയറക്ടറും ഹാർവാർഡ് മെഡിക്കൽ സ്ക്കൂളിലെ പ്രൊഫസർ ഓഫ് മെഡിസിനുമായ ഡോ. കീത്ത് ഫ്ളാഹെർട്ടി, കാർക്കിനോസ് ഹെൽത്ത്കെയർ കേരളാ ഓപ്പറേഷൻസ് സിഇഒയും മെഡിക്കൽ ഡയറക്ടറുമായ ഡോ. മോനി ഏബ്രഹാം കുര്യാക്കോസ് എന്നിവർ ശില്പശാല നയിച്ചു. യുകെയിലെ ബിറ്റ്.ബയോ ചീഫ് മെഡിക്കൽ ഓഫീസർ ഡോ. റാമി ഇബ്രാഹിം, കുസാറ്റ് ബയോടെക്നോളജി വിഭാഗം പ്രൊഫസർ ഡോ.സരിത ഭട്ട് എന്നിവരും ശില്പശാലയിൽ സംസാരിച്ചു. കാർക്കിനോസ് ബയോ ബാങ്ക് മേധാവി ഡോ. സിന്ധു ഗോവിന്ദൻ, കുസാറ്റ് അസി. പ്രൊഫ. ഡോ. അജിത് വേങ്ങല്ലൂർ എന്നിവരായിരുന്നു ശില്പശാലയുടെ കൺവീനർമാർ.

# 18.52 കോടിയുടെ മാലിന്യ സംസ്കരണ പദ്ധതികൾ: 26 തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിക്ക് അംഗീകാരം

**കൊച്ചി:** 18.52 കോടി രൂപയുടെ മാലിന്യ സംസ്കരണ പദ്ധതികൾക്ക് അംഗീകാരം നൽകി ജില്ലാ ആസൂത്രണ സമിതി യോഗം. തദ്ദേശസ്ഥാപനങ്ങളുടെ 202425 സാമ്പത്തിക വർഷത്തെ പദ്ധതികൾ അംഗീകരിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടന്റെ അധ്യക്ഷതയിൽ ചേർന്ന ജില്ലാ ആസൂത്രണ സമിതി യോഗത്തിലാണ് അംഗീകാരം.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൂടുതൽ പ്രാധാന്യം നൽകണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. 26 തദ്ദേശ സ്വയംഭരണ സ്ഥാനങ്ങളുടെ 202425 വാർഷീക പദ്ധതിക്ക് യോഗം അംഗീകാരം നൽകി. 2023 24 വാർഷിക പദ്ധതി ഭേദഗതിക്കായി സമർപ്പിച്ചിരുന്ന പായിപ്ര ഗ്രാമപഞ്ചായത്തിന്റെ പദ്ധതിക്കും അംഗീകാരം നൽകി.

ഓരോ തദ്ദേശസ്ഥാപനങ്ങളുടെയും പദ്ധതികൾ പ്രത്യേക ഉപസമിതിയുടെ നേതൃത്വത്തിൽ പരിശോധിച്ച ശേഷമാണ് ആസൂത്രണ സമിതി യോഗത്തിൽ അംഗീകാരം നൽകിയത്. ന്യൂനതകൾ കണ്ടെത്തിയ പദ്ധതികളിൽ മാറ്റം വരുത്തി സമർപ്പിക്കാൻ യോഗം നിർദേശിച്ചു.ജില്ലാ ആസൂത്രണ സമിതി ഹാളിൽ ചേർന്ന യോഗത്തിൽ ആസൂത്രണ സമിതി അംഗങ്ങളായ തുളസി ടീച്ചർ, ഉല്ലാസ് തോമസ്, സനിതാ റഹിം, ശാരദ മോഹൻ, അനിമോൾ ബേബി, ഷാന്റി എബ്രഹാം, അനിത ടീച്ചർ, ദീപു കുഞ്ഞുകുട്ടി, മേഴ്സി ടീച്ചർ, ബെനഡിക്ട് ഫെർണാണ്ടസ്, ജില്ലാ പ്ലാനിങ് ഓഫീസർ (ഇൻ ചാർജ്) എം.എം ബഷീർ, തുടങ്ങിയവർ പങ്കെടുത്തു.




# ബാങ്ക് ഓഫ് ബറോഡ മികച്ച സാങ്കേതിക പ്രതിഭ അവാർഡുകൾ നേടി

**മുംബൈ:** ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ (ഐബിഎ) 19ാമത് വാർഷിക ബാങ്കിംഗ് ടെക്നോളജി അവാർഡ് 2023ൽ 'മികച്ച AI & ML ബാങ്ക്', 'മികച്ച സാങ്കേതിക പ്രതിഭ' എന്നിവയ്ക്കുള്ള വിജയിയായി ബാങ്ക് ഓഫ് ബറോഡ തിരഞ്ഞെടുക്കപ്പെട്ടു. മികച്ച ടെക്നോളജി ബാങ്ക്, മികച്ച ഐടി റിസ്ക് മാനേജ്മെന്റ്, മികച്ച ഫിൻടെക് & ഡിപിഐ അഡോപ്ഷൻ, മികച്ച സാമ്പത്തിക ഉൾപ്പെടുത്തൽ എന്നീ വിഭാഗങ്ങളിൽ ബാങ്കിന് പ്രത്യേക പരാമർശവും ലഭിച്ചു.

ബാങ്ക് ഓഫ് ബറോഡ മാനേജിംഗ് ഡയറക്ടറും സിഇഒയുമായ ദേബദത്ത ചന്ദ് പറഞ്ഞു,

'സാങ്കേതികവിദ്യ ഇന്ന് ഒരു ബാങ്കിംഗ് സ്ഥാപനത്തിന്റെ ഹൃദയത്തിലാണ്, ഭാവിയിലെ ബാങ്കിന് അടിത്തറയിടുമ്പോൾ വളർന്നുവരുന്ന സാങ്കേതികവിദ്യകളിൽ ഞങ്ങൾ നിക്ഷേപം തുടരും. ഈ അഭിമാനകരമായ അവാർഡുകൾക്ക് ബാങ്ക് ഓഫ് ബറോഡയെ തെരഞ്ഞെടുത്തതിന് ഐബിഎയ്ക്ക് നന്ദി അറിയിക്കുന്നു.'

ബാങ്ക് ഓഫ് ബറോഡ കഴിഞ്ഞ കുറച്ച് വർഷങ്ങളായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & മെഷീൻ ലേണിംഗ് ഉപയോഗ കേസുകളുടെ വിപുലമായ ശ്രേണിയിൽ പ്രവർത്തിക്കുന്നു, കൂടാതെ ജനറേറ്റീവ് അകയിൽ സാധ്യതയുള്ള ഉപയോഗ കേസുകളുടെ പ്രാരംഭ പര്യവേക്ഷണവും ആരംഭിച്ചിട്ടുണ്ട്.

AI & ML എന്നിവയുടെ സഹായത്തോടെ മെച്ചപ്പെടുത്തിയ സൈബർ സുരക്ഷാ കഴിവുകളും ബാങ്ക് നടപ്പിലാക്കുന്നു. ബാങ്ക് ഒരു എന്റർപ്രൈസ് വൈഡ് ഡാറ്റ ആൻഡ് അനലിറ്റിക്സ് പ്ലാറ്റ്ഫോം സ്ഥാപിച്ചു,

# സംസ്ഥാനത്തെ ആദ്യ നൈലോൺ നൂൽ ഫാക്ടറി ഉദ്ഘാടനം നാളെ

**ആലപ്പുഴ:** മത്സ്യഫെഡിന്റെ സംസ്ഥാനത്തെ ആദ്യ നൈലോൺ നൂൽ ഫാക്ടറിയുടെ ഉദ്ഘാടനം വ്യാഴാഴ്ച (15) മന്ത്രി സജി ചെറിയാൻ നിർവഹിക്കും. വൈകുന്നേരം നാലുമണിക്ക് പുന്നപ്ര വടക്ക് പഞ്ചായത്തിലെ പറവൂരിൽ നടക്കുന്ന യോഗത്തിൽ എച്ച്. സലാം എം.എൽ.എ. അധ്യക്ഷനാകും. മത്സ്യത്തൊഴിലാളി അപകടമരണ ഇൻഷുറൻസ് തുക എ.എം. ആരിഫ് എം.പി. വിതരണം ചെയ്യും. മൈക്രോ ഫൈനാൻസ് വായ്പ വിതരണം പി.പി. ചിത്തരഞ്ജൻ എം.എൽ.എ. നിർവഹിക്കും. ജില്ല പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി, നഗരസഭ ചെയർപേഴ്സൺ കെ.കെ. ജയമ്മ എന്നിവർ മുഖ്യാതിഥികളാകും. മത്സ്യഫെഡ് ചെയർമാൻ ടി. മനോഹരൻ, മത്സ്യഫെഡ് മാനേജിങ് ഡയറക്ടർ പി. സഹദേവൻ, തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷർ, ബോർഡ് അംഗങ്ങൾ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

മത്സ്യഫെഡിന്റെ വല നിർമാണശാലകൾക്ക് ആവശ്യമായ ഗുണമേന്മയുള്ള നൈലോൺ നൂൽ ഉത്പാദിപ്പിക്കുന്ന കേരളത്തിലെ ആദ്യത്തെ ട്വൈൻ ഫാക്ടറിയാണിത്. 5.5 കോടി രൂപ ചെലവ്. പ്രതിവർഷം 400 ടൺ നൈലോൺ നൂൽ ഉത്പാദിപ്പിക്കാൻ കഴിയും. തിരുവനന്തപുരം, എറണാകുളം, കണ്ണൂർ ജില്ലകളിലാണ് ഇപ്പോൾ മത്സ്യബന്ധന വല നിർമ്മാണ ഫാക്ടറികളുള്ളത്. ഇവിടേക്ക് ആവശ്യമായ ട്വൈൻ നൂൽ ഉത്പാദനമാണ് പറവൂരിലെ ഫാക്ടറിയിൽ നടക്കുക. ഫാക്ടറിയുടെ പ്രവർത്തന ശേഷി വർധിപ്പിച്ച് കാലക്രമത്തിൽ മത്സ്യഫെഡിന് ആവശ്യമായ മുഴുവൻ നൂലുകലും ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യം.

നൂലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള ലാബും ഇവിടെ സജ്ജമാക്കും. ഗുണമേന്മയുള്ള നൂലിൽ നിന്നും വല ഉത്പാദിപ്പിച്ച് ന്യായമായ നിരക്കിൽ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുകയെന്ന സർക്കാർ ലക്ഷ്യമാണ് ഇതോടെ സാക്ഷാത്കരിക്കപ്പെടുന്നത്.

# ലാപ്ടോപ്പിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ സജീവ അംഗത്വമുള്ള തൊഴിലാളികളുടെ മക്കൾക്ക് സൗജന്യമായി ലാപ്ടോപ്പ് ലഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. 202324 അധ്യയന വർഷത്തിൽ എം.ബി.ബി. എസ്, എഞ്ചിനീയറിംഗ്, എം.സി.എ, എം.ബി.എ, ബി.എസ്.സി നഴ്സിംഗ്, എം.എസ്.സി നഴ്സിംഗ്, ബി.ഡി. എസ്, ബി .ഫാം, എം. ഫാം, ഫാം.ഡി, ബി.എസ്.സി ഫോറസ്ട്രി, എം.എസ്.സി ഫോറസ്ട്രി , ബി.എസ്.സി അഗ്രികൾച്ചർ, എം.എസ്.സി അഗ്രികൾച്ചർ , എം.വി.എസ്,ബി.വി.എസ്.സി , ബി.എ.എം.എസ് , ബി.എച്ച്. എം. എസ് , എൽ.എൽ.ബി , എൽ.എൽ.എം , ആൾ പോസ്റ്റ് ഡോക്ടറൽ ഡിഗ്രി കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്ക് സൗജന്യമായി ലാപ് ടോപ്പ് ലഭിക്കുന്നതിന് അപേക്ഷിക്കാവുന്നതാണ്. മാർച്ച് 16 വരെ അപേക്ഷകൾ സമർപ്പിക്കാം.



രക്ഷാകർത്താക്കൾ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ സജീവാംഗത്വം ഉള്ളവരും അംശാദായം കുടിശ്ശിക ഇല്ലാത്തവരും ആയിരിക്കണം. 2023 24 അദ്ധ്യയന വർഷത്തേയ്ക്ക് 2023 മാർച്ച് 31 വരെ അംഗത്വമെടുത്ത തൊഴിലാളികൾക്കും അപേക്ഷിക്കാവുന്നതാണ്. അപേക്ഷയോടൊപ്പം ക്ഷേമനിധി കുടിശ്ശിക തീർത്ത തൊഴിലാളി രസീത്. ആധാർകാർഡ്, ലൈസൻസ്, റേഷൻ കാർഡ് എന്നിവയുടെ പകർപ്പുകളും ഹാജരാക്കേണ്ടതാണ്. കുട്ടികൾ പൊതു പ്രവേശന പരീക്ഷയിലൂടെ സർക്കാർ, സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പൂർണ്ണമായും മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ നേടിയവർ ആയിരിക്കണം. കോളേജ് പ്രിൻസിപ്പാളിൽ നിന്നുള്ള സർട്ടിഫിക്കറ്റിൽ ഇക്കാര്യം വ്യക്തമായി സൂചിപ്പിച്ചിരിക്കണം. അലോട്ട്മെന്റ് മെമ്മോ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

ദേശീയ തലത്തിലുള്ള 202324 ലെ പൊതുപ്രവേശന പരീക്ഷയിലൂടെയും മെറിറ്റ് അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ കോഴ്സുകളിൽ അഡ്മിഷൻ നേടിയവർക്കും അപേക്ഷിക്കാം. 202324 വർഷങ്ങളിലെ എൻട്രൻസ് റാങ്ക് ലിസ്റ്റിൽ നിന്ന് അഡ്മിഷൻ നേടിയവരായിരിക്കണം. സംവരണ വിഭാഗങ്ങൾക്ക് ക്വാട്ടമെറിറ്റ് അടിസ്ഥാനത്തിൽ യോഗ്യത നേടിയവർക്കും അപേക്ഷിക്കാം. അപേക്ഷയോടൊപ്പം യോഗ്യതാപരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ് . കോളേജ് പ്രിൻസിപ്പാളിൽ നിന്നുള്ള സാക്ഷ്യപത്രം / വിദ്യാർത്ഥിയുടെ കോളേജ് ഐ.ഡി.കാർഡ് പകർപ്പ് എന്നിവയും ഹാജരാക്കേണ്ടതാണ് അപേക്ഷാ ഫോറവും വിശദ വിവരങ്ങളും എറണാകുളം ജില്ലാ ഓഫീസിൽ നിന്നും കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ www.kmtwwfb.org എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ എറണാകുളം ഓഫീസിൽ സ്വീകരിക്കുന്നതാണ്. ഫോൺ :04842401632.

